**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 - പ്രാദേശിക സർക്കാരുകൾക്കുള്ള 2017-18 ലെ ലോകബാങ്ക് ധനസഹായം - കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് - ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിന് ചിറക്കര ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ നിന്ന് തുക അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു

---

## ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്

സ.ഉ.(സാധാ) നം.1543/2019/ധന. തീയതി, തിരുവനന്തപുരം, 28 ഫെബ്രുവരി 2019

---

പരാമർശം. 1. സ.ഉ (സാധാ) നം. 8691/2018/ധന തീയതി 22/10/2018
2. ട്രഷറി ഡയറക്ടറുടെ 21/12/2018 ലെ ഇ 2/25082/2018-ാം നമ്പർ കത്ത്.

## ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ സമർപ്പിക്കുകയും ട്രഷറി ക്യൂവിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ടുകളുടെ ബില്ലുകൾ മാറുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗത്തിൽ നിന്നും 5,04,95,192/- രൂപ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) 2017-18 ലെ ലോക ബാങ്ക് ധനസഹായം (കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്) സ്പിൽ ഓവർ തുക വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ അധിക ധനാനുമതിയായി അനുവദിച്ച് കൊണ്ടുള്ള പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം ചിറക്കര ഗ്രാമ പഞ്ചായത്തിനനുവദിച്ച 2,60,000/- രൂപയുടെ ബില്ല് ട്രഷറി ക്യൂവിലുൾപ്പെടുത്തിയിരുന്നതായും ആയത് സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യുവാൻ വിട്ടുപോയതായും ചാത്തന്നൂർ സബ് ട്രഷറി ഓഫീസർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ചിറക്കര ഗ്രാമ പ്ഞ്ചായത്ത് ലോക ബാങ്ക് സഹായത്തിന്റെ ശീർഷകത്തിൽ സബ് ട്രഷറിയിൽ സമർപ്പിച്ച 2,80,000/- രൂപയുടെ ബില്ല് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) ലെ ഉത്തരവ് പ്രകാരം ചിറക്കര ഗ്രാമ പഞ്ചായത്തിന് കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ടുകളുടെ ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിന് തുകയൊന്നും അനുവദിക്കാത്ത സാഹചര്യത്തിൽ ടി ബില്ലുകൾ മാറുന്നതിന് വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിലെ 3604-00-200-86-(05)-35 എന്ന കണക്ക് ശീർഷകത്തിൽ നിന്നും 2,60,000/- രൂപ (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചിറക്കര ഗ്രാമ പഞ്ചായത്തിന് അധിക ധനാനുമതിയായി അനുവദിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചിറക്കര ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യു-ജെ/ ഡെവലപ്. വിംഗ്,എസ്,എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-978712)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ